റവന്യൂ വകുപ്പു മന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) 1985–86–ലെ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ പെടുത്തി 196 താൽക്കാലിക/അർദ്ധ/സ്ഥിര ദുരിതാശ്വാസ ഷെഡ്ഡുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാജില്ലകളിലും പണിതിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി വച്ചിട്ടുണ്ട്. †

(സി) പതിമൂന്ന് എണ്ണത്തിന്റെ പണി ആരംഭിച്ചിട്ടില്ല.

(ഡി) അനുയോജ്യമായ സ്ഥലം ലഭിക്കാത്തതുകൊണ്ട് പണി തുടങ്ങിയിട്ടില്ല. ഒന്നും ഒഴിവാക്കിയിട്ടില്ല.

വനത്തിലെ മുളയും ഈറയും

* 545 [582] ശ്രീ. കെ. ടി. കണാരൻ:
,, വി. കെ. രാജൻ:
,, വി. കുമാരൻ:
,, കെ. ആർ. ചന്ദ്രമോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വനങ്ങളിൽ നിന്നും ഏതെല്ലാം ഇനങ്ങളിലുള്ള മുളകളാണ് ലഭിച്ചുവരുന്നത്;

(ബി) ഏതെല്ലാം റെയിഞ്ചുകളിലാണ് മുളകൾ കണ്ടുവരുന്നത്;

(സി) ഈറ, മുള എന്നീ ഇനങ്ങളിൽ നിന്നും ഒരുവർഷം ശരാശരി ലഭിക്കുന്ന ആദായം എത്ര?

വനംവകുപ്പു മന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ):

(എ) പൊള്ളമുള, കല്ലൻ മുള, ഏരങ്ങോൽ എന്നീ ഇനങ്ങളിലുള്ള മുളകൾ.

(ബി) പരുത്തിപ്പള്ളി, നടുവത്തുമൂഴി, ഗുഡ്നിക്കൽ, എരുമേലി, ഷോളയാർ, വാഴച്ചാൽ, മാലപ്പള്ളി, അടിമാലി, നെൻമാറ, നെല്ലിയാമ്പതി, ചുങ്കത്തറ, ഇടവണ്ണ, കാളിയാർ, കണ്ണോത്ത്, ബേഗൂർ, സൈലന്റ് വാലി, ഓടനാട്, തുണ്ടത്തിൽ, ബത്തേരി മുതലായ റെയിഞ്ചുകളിലാണ്.

(സി) 142 ലക്ഷം രൂപ (വിലനിർണ്ണയ ഉത്തരവനുസരിച്ച് കണക്കാക്കിയ വിലയാണ്)

കയറുൽപ്പന്നങ്ങളുടെ കയറ്റുമതി

* 546 [583] ശ്രീ. കെ. മൂസ്സക്കുട്ടി:
,, വി. എസ്. ചന്ദ്രശേഖരൻപിള്ള:
ശ്രീമതി കെ. ആർ. ഗൗരി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ ഉൽപ്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly